I ഇ.ബി. XIV - കേരള നിയമസഭ /V-1

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ഏപ്രിൽ 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I ചരമോപചാരം

പി. ശിവശങ്കറിന്റെ നിര്യാണം

മുൻ കേരള ഗവർണ്ണർ പി. ശിവശങ്കറിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി

സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, ജി. എസ്. ജയലാൽ, പി. ഉബൈദുള്ള എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

മൂന്നാറിലെ അനധികൃത കയ്യേറ്റം

മി. സ്പീക്കർ : മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ നിറുത്തിവച്ചതുമൂലവും കയ്യേറ്റം ഒഴിപ്പിക്കാൻ നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും രാഷ്ട്രീയ നേതാക്കളെയും പരസ്യമായി ആക്ഷേപിച്ചും സ്ത്രീത്വത്തിന് അപമാനകരമായ രീതിയിലും വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനമൂലം ഉളവായിട്ടുള്ള അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ഇടുക്കിയിലെ ഭൂപ്രശ്നം സംബന്ധിച്ച് സർക്കാരിന് വ്യക്തമായ നിലപാടാണുള്ളത്. നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകൾക്കെതിരെ

കർശന നടപടി സ്വീകരിക്കുമെന്നും കയ്യേറ്റ ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗപ്പെടുത്തുമെന്നും 1.1.1977-ന് മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്കും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഭൂമിയിൽ 4 ഏക്കർ വരെ ഉപാധിരഹിതമായി പട്ടയം നൽകുമെന്നുമുള്ള പ്രകടനപത്രികയിലെ ഉറപ്പ് പ്രാവർത്തികമാക്കുകയെന്നതാണ് സർക്കാരിന്റെ പ്രഥമ ഉത്തരവാദിത്വം. ദേവികുളത്ത് റവന്യൂ ഭൂമിയിൽ നടന്ന കയ്യേറ്റം 17.04.2017-ന് റവന്യൂ ജീവനക്കാർ ഒഴിപ്പിക്കുകയുണ്ടായി. 21.04.2017-ന് ചേർന്ന ഉന്നതതല യോഗത്തിൽവച്ച് റവന്യൂ-പോലീസ് ഉദ്യോഗസ്ഥരുടെ ഏകോപന സംവിധാനമുണ്ടാകണമെന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കൂട്ടായി ശ്രമിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് പാപ്പാത്തിചോലയിലെ കയ്യേറ്റ ഭൂമിയിൽ ക്രിസ്ത്യൻ ജീസസ് സഭ കുരിശ് സ്ഥാപിച്ചതിന്റെ പേരിൽ പോലീസ് അറിയാതെ ജില്ലാ കളക്ടർ അർദ്ധരാത്രി നിരോധനാജ്ഞ പുറപ്പെടുവിക്കുകയും പുലർച്ചെ കുരിശ് തകർക്കുകയും ചെയ്തു. നിരോധനാജ്ഞ പ്രഖ്യാപിക്കാൻ കളക്ടർക്ക് അധികാരമുണ്ടെങ്കിലും പോലീസുമായി കൂടിയാലോചന നടത്തി മാത്രമേ ഇത്തരം അധികാരം ഉപയോഗിക്കാൻ പാടുള്ളൂ. ഇടുക്കി ജില്ലയിലെ എല്ലാ മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളിൽ പലതും പട്ടയമില്ലാത്ത ഭൂമിയിൽ സ്ഥിതിചെയ്യുന്നതിനാൽ കൂട്ടായ തീരുമാനമെടുക്കേണ്ടതുണ്ട്.

റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി ഒഴിവാക്കുന്നതിനുള്ള ഒരു തീരുമാനവും സർക്കാർ എടുത്തിട്ടില്ല. സമവായത്തിലൂടെയും ജനപിന്തുണയോടെയും ഈ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതോടൊപ്പം ജനജീവിതം തടസ്സപ്പെടാത്ത വിധത്തിൽ കൈവശാവകാശരേഖകളുടെ പരിശോധനയിലൂടെ പരമാവധി ആളുകൾക്ക് പട്ടയം നൽകുകയെന്നതാണ് സർക്കാർ നയം. ഭൂമിയില്ലാത്തവരേയും പത്ത് സെന്റിൽ താഴെ ഭൂമി കൈവശം വച്ച് വീടും കൃഷിയുമായി കഴിയുന്നവരേയും ലാന്റ് അസ്സസ്മെന്റ് ആക്ടിലെ വ്യവസ്ഥപ്രകാരം സംരക്ഷിക്കേണ്ടതുണ്ട്. കയ്യേറ്റവും കുടിയേറ്റവും രണ്ടായി കാണുന്ന നിലപാടാണ് സർക്കാരിനുള്ളത്. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നത്തെക്കുറിച്ച് നേരിട്ട് അറിവുള്ള വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയുടെ സംസാരത്തിൽ ആ നാടിന്റെ ശൈലി കടന്നുവരാറുണ്ട്. അത്തരം സന്ദർഭങ്ങളെ പർവ്വതീകരിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള ശ്രമമാണ് നടക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം ചില മാധ്യമങ്ങൾ വളച്ചൊടിക്കുകയായിരുന്നുവെന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. തന്റെ പ്രസ്താവന ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുകയും മൂന്നാറിൽ നടത്തുന്ന രാഷ്ട്രീയപ്രേരിത സമരത്തെ പൊമ്പിളൈ ഒരുമൈയുടെ പ്രസിഡന്റ് തള്ളിപ്പറയുകയും

ചെയ്തിട്ടുണ്ട്. അർഹതപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഭൂമി കയ്യേറുന്ന നടപടിയിൽ ഒരു വിട്ടുവീഴ്ചയും സ്വീകരിക്കില്ലെന്നുമാത്രമല്ല, വൻകിട കയ്യേറ്റക്കാർക്കെതിരെ കടുത്ത നടപടി സ്വീകരിക്കുന്നതുമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പുമന്ത്രി സ്വീകരിച്ച നടപടിയോട് യോജിക്കുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സർവ്വാധികാരവുമുണ്ടായിരിക്കെ അത് തടയുന്നതിനുള്ള ഗൂഢശ്രമം നടത്തുകയും വൻകിട കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുകയുമാണ് ഗവൺമെന്റ് ചെയ്യുന്നത്. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം.എം. മണി കയ്യേറ്റക്കാർക്ക് അനുകൂലമായാണ് നിലകൊള്ളുന്നത്. സ്ത്രീത്വത്തെ ചോദ്യം ചെയ്ത് അപമാനകരമായ പ്രസ്താവന നടത്തിയ ശ്രീ. എം. എം. മണി നിയമസഭയിൽ ഖേദപ്രകടനം നടത്തണമായിരുന്നു. കേരളത്തിലെ ജനങ്ങളും രാഷ്ട്രീയ സാംസ്കാരിക പ്രമുഖരും സ്ത്രീ വിരുദ്ധ പ്രസ്താവനയെ എതിർക്കുകയും അദ്ദേഹത്തിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ വൈദ്യുതി വകുപ്പുമന്ത്രിയെ പുറത്താക്കുന്നതിനാവശ്യമായ

നടപടി മുഖ്യമന്ത്രി സ്വീകരിക്കണം. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നടപടികളെയെല്ലാം ഈ ഗവൺമെന്റ് തകർത്തിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

## IV വ്യക്തിപരമായ വിശദീകരണം

അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. സ്ത്രീകളെ ആക്ഷേപിച്ചു എന്നുപറയുന്ന 17 മിനിട്ട് ദൈർഘ്യമുള്ള എന്റെ പ്രസംഗത്തിൽ സ്ത്രീയെന്ന വാക്കോ ഏതെങ്കിലും സ്ത്രീയുടെ പേരോ പരാമർശിച്ചിട്ടില്ല. ഉദ്യോഗസ്ഥ പ്രമാണിമാരോടും കയ്യേറ്റക്കാരോടും മാധ്യമപ്രവർത്തകർക്കുള്ള ചില പ്രത്യേകതരം ബന്ധത്തെക്കുറിച്ച് വിമർശിച്ചതുകൊണ്ടാവാം ഈ വിധത്തിലുള്ള ദുർവ്യാഖ്യാനത്തിനു കാരണമെന്ന് ഞാൻ കരുതുന്നു. ഉദ്യോഗസ്ഥരുടെ പ്രവൃത്തികളിൽ തിരുത്തൽ വരുത്താൻ ഭരണ നേതൃത്വത്തിന് ഉത്തരവാദിത്തമുണ്ട്. പൊമ്പിളൈ ഒരുമൈയെ ആക്ഷേപിച്ചിട്ടില്ല. ആകെ 6 പേരാണ് സമരം ചെയ്യുന്നത്. ഞാൻ സ്ത്രീകളെ വളരെയധികം ആദരിക്കുന്ന വ്യക്തിയാണ്. തോട്ടം തൊഴിലാളികൾക്കിടയിൽ ജനിച്ചുവളർന്ന

സാധാരണക്കാരനായ ഞാൻ നാടൻ ശൈലിയിൽ സംസാരിച്ചതിനെ ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയല്ല. എന്നേയും പാർട്ടിയേയും സർക്കാരിനേയും ആക്ഷേപിക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.

അടിയന്തര പ്രമേയം (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൂന്നാറിലെ അനധികൃത കയ്യേറ്റമൊഴിപ്പിക്കൽ നടപടികൾ നിർത്തിവച്ചെന്ന് പറയുന്നത് ശരിയല്ല. അനധികൃത കയ്യേറ്റത്തോട് യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് മാത്രമല്ല കൂടുതൽ ശക്തമായ രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. മൂന്നാറിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് അത്യാവശ്യമാണ്. നാടിന്റെ മുഖച്ഛായ മാറ്റുന്നതിനുള്ള ഇടപെടലുകൾ ചില വൻകിടക്കാർ നടത്തിയിരുന്നു. മൂന്നാറിൽ ദീർഘകാലമായി താമസിച്ചുവരുന്ന ആളുകളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സർവ്വേ നമ്പറുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നുണ്ട്. ഗവൺമെന്റ് നൽകിയ പട്ടയഭൂമിയിൽ താമസിക്കുന്നത് അനധികൃത കയ്യേറ്റമാണെന്ന് പറയാൻ കഴിയില്ല. പാരമ്പര്യമായി ലഭിച്ച ഭൂമിയിലായിരിക്കും അവർ താമസിക്കുന്നത്. മൂന്നാറിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർക്കുന്ന തരത്തിൽ അനധികൃത കയ്യേറ്റം നടത്തി വാണിജ്യാവശ്യങ്ങൾക്കുവേണ്ടി കെട്ടിട സമുച്ചയങ്ങൾ കെട്ടിപ്പടുക്കുന്നവരോടാണ്

ഗവൺമെന്റ് കർക്കശ സമീപനം സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ നാടിന്റെ താത്പര്യങ്ങൾക്കൊപ്പം നിൽക്കുന്ന വിവിധ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് പൊതുധാരണയിലെത്താനാണ് ശ്രമിക്കുന്നത്. കയ്യേറ്റക്കാരെ സംരക്ഷിക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയില്ല. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഒറ്റക്കെട്ടായി പരിശ്രമിക്കാം. ശ്രീ. എം. എം. മണിയെ സംബന്ധിച്ച കാര്യങ്ങളിൽ അദ്ദേഹം വിശദീകരണം നൽകിയതിനാൽ ഇത് സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി അടിയന്തരപ്രമേയ വിഷയവുമായി ബന്ധപ്പെട്ടതല്ല. മൂന്നാറിലെ കയ്യേറ്റമൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെയും പൊമ്പിളൈ ഒരുമൈ പ്രവർത്തകർക്കെതിരെയും മന്ത്രി ശ്രീ. എം. എം. മണി നടത്തിയ പരാമർശങ്ങൾ അപലപിക്കേണ്ടതാണ്. സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിലുള്ള പ്രസ്താവനകളിലൂടെ മന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഇന്ത്യൻ പീനൽ കോഡ് അനുസരിച്ച് മൂന്നുമാസത്തെ തടവുശിക്ഷയ്ക്ക് സാധ്യതയുള്ള കുറ്റം ചെയ്ത ശ്രീ.എം. എം. മണിക്ക് സംരക്ഷണം

കൊടുക്കുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. രാജി വച്ച മറ്റ് മന്ത്രിമാരുടെ കാര്യത്തിലെടുത്ത നിലപാട് ശ്രീ എം. എം. മണിയുടെ കാര്യത്തിൽ മുഖ്യമന്ത്രി സ്വീകരിക്കാതിരിക്കുന്നത് ശരിയല്ല. മന്ത്രിമാരുടെ പ്രസംഗം പുതുതലമുറയ്ക്ക് മാർഗ്ഗദർശനം നൽകുന്നതായിരിക്കണം. ശ്രീ. എം. എം. മണിയുടെ പ്രസ്താവനയെ സഭ ഒറ്റക്കെട്ടായി അപലപിക്കണം. നാടിന്റെ സാംസ്കാരിക പൈതൃകത്തെ ചോദ്യം ചെയ്യുന്ന നടപടിയാണിത്. ഇതിനെതിരെ പൊതുസമൂഹം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം സ്വയം രാജി വയ്ക്കുകയോ മുഖ്യമന്ത്രി അദ്ദേഹത്തെ മന്ത്രിസഭയിൽനിന്ന് പുറത്താക്കുകയോ ചെയ്യില്ലെങ്കിൽ പ്രതിപക്ഷം ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടുപോകും.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

( ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി. )

## V ശ്രദ്ധക്ഷണിക്കൽ

(1) <u>പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം</u>

<u>ശ്രീ. എസ്. ശർമ്മ</u>: കേരളത്തിന്റെ സമ്പദ്‌വ്യസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്നതും നിരവധി നഗര-ഗ്രാമപ്രദേശങ്ങളുടെ ശുദ്ധജല സ്രോതസ്സുമായ പെരിയാർ നദിയെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റിക്ക് രൂപം നൽകണം. കൃഷി, വ്യവസായം, ജലസേചനം, കുടിവെള്ളം, വൈദ്യുതോൽപ്പാദനം എന്നിവയുള്ള പ്രധാന ആശ്രയ കേന്ദ്രമായ പെരിയാർ നദിയുടെ സംരക്ഷണത്തിന് സർക്കാർ തലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. പ്രശസ്ത ശാസ്ത്രജ്ഞന്മാർ, സബ്ജക്ട് എക്സ്പെർട്ടുകൾ, പ്രമുഖ വ്യക്തികൾ എന്നിവരടങ്ങുന്ന ഒരു പാനലിന്റെ നേതൃത്വത്തിൽ അടിയന്തരമായി ജല ഓഡിറ്റ് നടത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ പിണറായി വിജയൻ</u>): ജലവൈദ്യുത പദ്ധതികൾക്കും കാർഷിക/കാർഷികേതര - ഗാർഹികാവശ്യങ്ങൾക്കും പെരിയാറിൽ നിന്ന് ജലം എടുക്കുന്നത് വേനൽക്കാലത്ത് നീരൊഴുക്ക് കുറയുന്നതിന് കാരണമാകുന്നു. വേമ്പനാട്ട് കായലിൽ നിന്നുള്ള ഉപ്പ് വെള്ളവും വ്യവസായ ശാലകളിൽ നിന്നുള്ള മാലിന്യം/രാസകീടനാശിനി എന്നിവയും പെരിയാറിലെത്തുന്നതുമൂലം ജലം മലിനപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ

ബോർഡും ജലമലിനീകരണ നിയന്ത്രണത്തിന് നടപടി സ്വീകരിച്ചുവരുന്നു. നദികളുടെ സംരക്ഷണത്തിനായി കൊണ്ടുവന്ന കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 2013-ൽ ലാപ്സായതിനാൽ ടി ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാന നദീതട അതോറിറ്റിയുടെ കീഴിൽ വിവിധ നദീതട ബോർഡുകൾ രൂപീകരിക്കുവാൻ പ്രസ്തുത ബില്ലിൽ വിഭാവനം ചെയ്യുന്നുണ്ട്. സംസ്ഥാന നദീതട അതോറിറ്റി നിലവിൽ വരുന്നതിലൂടെ നദീജല മലിനീകരണം തടയുന്നതിന് സാധിക്കും. പെരിയാർ, വേമ്പനാട്ട് കായൽ, ഭാരതപ്പുഴ എന്നീ ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് നീതി ആയോഗ് അധികൃതരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ എല്ലാ പിന്തുണയും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഓരോ നദിയെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജല ഓഡിറ്റ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ശ്രീ. പി. ടി. തോമസ് സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

VI **സബ്മിഷൻ**

(ഒന്നാമത്തെ സബ്മിഷൻ അവതരിപ്പിച്ചില്ല)

## കോൺക്രീറ്റ് മതിൽ മറിഞ്ഞുവീണുണ്ടായ മരണം

ശ്രീ. സി. ദിവാകരൻ: കരകുളം കായ്പാടി ചെക്കകോണത്ത് കോൺക്രീറ്റ് മതിൽ ഇടിഞ്ഞുവീണ് ഒരു കുടുംബത്തിലെ അമ്മയും രണ്ട് കുഞ്ഞുങ്ങളും മരണമടഞ്ഞ സംഭവത്തിൽ ഗൃഹനാഥനായ മുഹമ്മദ് ഷിഹാബുദ്ദീന് സർക്കാർ ജോലി നൽകുന്നതിനും അപകടത്തിൽനിന്നും രക്ഷപ്പെട്ട മകൻ മുഹമ്മദ് ഷിഫാന്റെ സംരക്ഷണം ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017 ഏപ്രിൽ 13-നുണ്ടായ കനത്ത മഴയിൽ കരകുളം വില്ലേജിൽ ചെക്കകോണം ആല്യംമൂടിനടുത്ത് സംരക്ഷണ ഭിത്തി ഇടിഞ്ഞുവീണതിനെത്തുടർന്ന് വീട് പൂർണ്ണമായും തകരുകയും അവിടെ വാടകയ്ക്ക് താമസിച്ചിരുന്ന സജീന, മക്കളായ ഷഹാന, ഷിഹാന എന്നിവർ മരണപ്പെടുകയും മറ്റൊരു മകനായ ഷിഫാനെ പരിക്കുകളോടെ എസ്.എ.ടി. ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. വീടിന് സമീപം കൂട്ടിയിട്ടിരുന്ന മണ്ണ് മഴയത്ത് നനഞ്ഞുണ്ടായ സമ്മർദ്ദംമൂലമാണ് സംരക്ഷണഭിത്തി തകരാനിടയായതെന്നാണ് പ്രാഥമിക നിഗമനം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അടിയന്തര ധനസഹായമായി 10,000 രൂപ കളക്ടർ അനുവദിച്ചുനൽകിയിട്ടുണ്ട്. ഭാര്യയും രണ്ട്

മക്കളും നഷ്ടപ്പെട്ട മുഹമ്മദ് ഷിഹാബുദ്ദീന്റെ നിർദ്ധന കുടുംബത്തിന് കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.52-ന് അല്പസമയത്തേയ്ക്ക് നിർത്തിവച്ച സഭ 11.36-ന് പുനരാരംഭിച്ചു.)

(യു.ഡി.എഫ്. അംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ തുടർന്നുള്ള സബ്മിഷനുകൾ റദ്ദ് ചെയ്തതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII റിപ്പോർട്ടുകളുടെ സമർപ്പണം

I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ രണ്ടാമത് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## IX നിയമനിർമ്മാണകാര്യം

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എം. രാജഗോപാലൻ: 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15.05.2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിലെ ഭേദഗതി നിർദ്ദേശങ്ങളെ പിന്താങ്ങുന്നു. പല വകുപ്പുകളിലും കാലാനുസൃതമായ മാറ്റം അനിവാര്യമായ സാഹചര്യത്തിലാണ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നത്. മെച്ചപ്പെട്ട ഭരണസംവിധാനവും മേൽനോട്ടവും ഉറപ്പുവരുത്തുക എന്നതായിരുന്നു ആക്ടിന്റെ ലക്ഷ്യമെങ്കിലും വേണ്ടത്ര രീതിയിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ആക്ടിന്റെ 13-ാം വകുപ്പാണ് പ്രധാനമായും ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. നിലവിലെ നിയമപ്രകാരം പ്രാദേശിക സമിതികളിലെ അംഗങ്ങളുടെ എണ്ണം ഏഴായി വർദ്ധിപ്പിക്കുന്നതിലൂടെ സമിതികൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുന്നതാണ്.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 11.49-ന് പിരിഞ്ഞു.